**അടിയന്തരപ്രമേയം**

പെട്രോൾ ഡീസൽ വില വർദ്ധനവിന്റെ ഭാഗമായുള്ള എക്സൈസ് ഡ്യൂട്ടി

ഉപേക്ഷിക്കൽ

മി. സ്പീക്കർ: ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ കുറയുമ്പോഴും അടിക്കടി പെട്രോൾ ഡീസൽ വില വർദ്ധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെ തുടർന്ന് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ വർദ്ധിപ്പിച്ച തുകയുടെ എക്സൈസ് ഡ്യൂട്ടി ഉപേക്ഷിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകാത്തതിനാൽ ജനങ്ങൾ നേരിടുന്ന പ്രയാസവും അമിത സാമ്പത്തിക ഭാരവും മൂലം സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പെട്രോൾ ഡീസൽ വിലവർദ്ധനവിന്റെ ഭാഗമായിട്ടുള്ള എക്സൈസ് ഡ്യൂട്ടി

ഉപേക്ഷിക്കൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന

വർദ്ധനവ് അതീവ ഗുരുതരമായിട്ടുള്ള സാഹചര്യമാണ് രാഷ്ട്രത്തിൽ സൃഷ്ടിക്കുന്നത് എന്നതിനെക്കുറിച്ച് ആർക്കും രണ്ടഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഇന്നിപ്പോൾ ഒരു ലിറ്റർ പെട്രോളിന് 76.69 രൂപയും ഡീസലിന് 69.19 രൂപയുമാണ് വില. ഇതിന്റെ കാരണം ഇവിടെ സൂചിപ്പിച്ചതുപോലെ ബി.ജെ.പി.യുടെ നയമാണ്. ക്രൂഡ് ഓയിലിന്റെ വില ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ കുറയാൻ തുടങ്ങി. കഴിഞ്ഞ ദിവസം നിയമസഭയിലും ഇത് അവരുടെ എല്ലാം ഏറ്റവും അനുകൂലമായ സാഹചര്യമായി വിലയിരുത്തപ്പെട്ടു. എന്നാൽ ക്രൂഡ് ഓയിലിന്റെ വിലയിലുണ്ടാകുന്ന കുറവ്, ജനങ്ങളുടെ ആനുകൂല്യമായിട്ട് മാറുന്നതിനെ തടയുന്നതിനും വില പിടിച്ചുനിർത്തുന്നതിനും വേണ്ടി തുടർച്ചയായിട്ട് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്ങനെ പെട്രോളിന് 9 രൂപ 7 പൈസ ആയിരുന്ന നികുതി 21 രൂപ 48 പൈസയായി വർദ്ധിപ്പിച്ചു. ഇതിന്റെ ഫലമായി 2014-15 വർഷത്തിൽ കേന്ദ്ര സർക്കാരിന് 99,000/- കോടി രൂപ നികുതി വരുമാനം കിട്ടിയിരുന്നത് 2016-17-ൽ 2,42,000/- കോടി രൂപയായി വർദ്ധിച്ചു. ഇത് യഥാർത്ഥത്തിൽ ബാങ്കുകളുടെ കിട്ടാക്കടം എഴുതിത്തള്ളിയതിന് തുല്യമാണ്. ഇങ്ങനെയുള്ള ഇവരുടെ കള്ളത്തരങ്ങൾ ജനങ്ങളെ പിഴിഞ്ഞ് പണം കണ്ടെത്തുകയാണെന്ന് പറയാൻ കഴിയും. സർക്കാരിന്

ആ വിമർശനങ്ങളോട് പൂർണ്ണയോജിപ്പാണ്. പക്ഷെ ഇവിടെ അടിയന്തരപ്രമേയത്തിൽ ഡിമാന്റ് ചെയ്തിട്ടുള്ളത് യു.ഡി.എഫ്.-ന്റെ കാലത്തെന്നപോലെ സംസ്ഥാന സർക്കാർ ഈ വില കൂട്ടുമ്പോൾ നമ്മുടെ advalerom എത്ര ശതമാനമെന്നുള്ളതാണ്. നമുക്കും ഈ വില വർദ്ധനവിന്റെ മേലുള്ള വർദ്ധനവ് നികുതിയിൽ കിട്ടും. അത് ഇല്ലാതാക്കണമെന്നുള്ളതാണ് ആവശ്യപ്പെട്ടിരിക്കുന്നത്. വില വർദ്ധിക്കുമ്പോൾ നികുതി കുറച്ചതിന്റെ ചരിത്രം പരിശോധിച്ചുനോക്കാം. ഒരു തവണ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് നികുതി കുറച്ചത്. അടിയന്തര പ്രമേയത്തിൽ പറഞ്ഞതുപോലെ യു.ഡി.എഫ്.-ന്റെ കാലത്ത് നാലു തവണ പെട്രോളിന്റെയും രണ്ടു തവണ ഡീസലിന്റെയും നികുതി കുറച്ചു. കഴിഞ്ഞ നിയമസഭയിൽ ശ്രീ. ജെയിംസ് മാത്യുവും മറ്റും ചോദിച്ച ചോദ്യത്തിന് കൃത്യമായ കണക്കുകൾ പറഞ്ഞിട്ടുണ്ട്. അന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് കേന്ദ്ര സർക്കാർ പെട്രോളിന് 18 തവണയും ഡീസലിന് 16 തവണയും വില വർദ്ധിപ്പിച്ചുവെന്നാണ്. അങ്ങനെ വില വർദ്ധിപ്പിച്ചപ്പോഴാണ് നാലു തവണ വില കുറയ്ക്കാൻ തയ്യാറായത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ചോദ്യകർത്താവ് വ്യംഗ്യമായിട്ട് ഇങ്ങനെ വാദിക്കുന്നതുപോലെ എപ്പോഴൊക്കെ കേന്ദ്രം വില വർദ്ധിപ്പിച്ചിട്ടുണ്ടോ അപ്പോഴൊക്കെ നികുതി കുറയ്ക്കാനും തയ്യാറായിട്ടില്ല.

അതുസംബന്ധിച്ചുള്ള കൃത്യമായ കണക്ക് എന്റെ കൈവശമുണ്ട്. ആ കണക്കുകൾ സൂചിപ്പിക്കുന്നത് നാലു തവണ വില കുറച്ചപ്പോൾ നിങ്ങളുടെ ഭരണകാലത്ത് 13 തവണ വില കൂട്ടി എന്നുള്ളതാണ്. കേന്ദ്രം നികുതി കുറച്ചതുകൊണ്ടോ അല്ലെങ്കിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞ് തുടങ്ങിയതുകൊണ്ടോ അങ്ങനെ എന്തുകാരണം കൊണ്ടായാലും എപ്പോഴെല്ലാം വില കുറഞ്ഞോ അപ്പോഴൊക്കെ നികുതി നിരക്ക് റവന്യൂ ന്യൂട്രലാക്കാൻ വേണ്ടി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. പതിമൂന്ന് തവണയാണ് വില വർദ്ധിപ്പിച്ചത്. ഇതിന്റെ ഫലമായിട്ട് ഒരു ഘട്ടത്തിൽ 23.37% ഉണ്ടായിരുന്ന പെട്രോളിന്മേലുള്ള വില്പന നികുതി 31.8% ആയി വർദ്ധിപ്പിച്ചിട്ടാണ് നിങ്ങൾ അധികാരത്തിൽ നിന്ന് ഇറങ്ങിയത്. അവിടെയും തീർന്നില്ല. അഡീഷണൽ സെയിൽസ് ടാക്സ് എന്നുപറഞ്ഞ് ഒരു രൂപ ലിറ്ററിന് കൊണ്ടുവന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവെ, ഒരു രൂപ കൂട്ടിയപ്പോൾ അത് 1.6% വർദ്ധനവാണ്. അങ്ങനെ ഒരു ഘട്ടത്തിൽ 23% ആയിരുന്ന വില്പന നികുതി എഫക്ടീവിലി 33.4% ആക്കിയിട്ടാണ് നിങ്ങൾ അധികാരം ഒഴിഞ്ഞത്. നികുതി കുറയ്ക്കണമോ അധികം വേണ്ടെന്നുവയ്ക്കണമോ എന്നൊക്കെ നമുക്ക് ചർച്ച ചെയ്യാം. എന്നാൽ ഞങ്ങൾ ജനങ്ങളെ ഭയങ്കരമായിട്ട് സഹായിച്ചു എന്നുള്ള ഒരു വമ്പത്തരമുണ്ടല്ലോ.... യു.പി.എ. സർക്കാരിന്റെ കാലം കഴിഞ്ഞിട്ട് നിങ്ങൾ ഒരു

ഘട്ടത്തിൽപ്പോലും വില വർദ്ധനവുണ്ടായപ്പോൾ നികുതി കുറയ്ക്കാൻ തയ്യാറായിട്ടില്ല. ഇവിടെ എന്തുകൊണ്ടാണ് നിങ്ങൾക്ക് അത് ചെയ്യാൻ കഴിയാതെ പോയത്. അതാണ് എന്നെ അലട്ടുന്ന പ്രശ്നം. ഒരു ഘട്ടത്തിൽ, എൽ.ഡി.എഫ്. സർക്കാർ ചെയ്തതുപോലെ നിങ്ങളുടെ ഭരണത്തിന്റെ തുടക്കത്തിൽ നാലു തവണ കുറച്ചതുപോലെ പിന്നീട് കൂട്ടേണ്ടി വന്നത് എന്തുകൊണ്ടാണ്? അതിന് പെട്രോളിൽ നിന്നും ഡീസലിൽ നിന്നും എത്ര നികുതി വരുമാനമുണ്ട് എന്നുമാത്രം നോക്കിയാൽ മനസ്സിലാകില്ല. അത് കൂടിക്കൊണ്ടിരിക്കുകയാണ്. പക്ഷെ, സംസ്ഥാനത്തിന്റെ മൊത്തം നികുതി വരുമാനത്തിൽ എന്തുണ്ടായി എന്നുനോക്കണം. എൽ.ഡി.എഫ്.-ന്റെ കാലത്ത് 20% കൂടി. നിങ്ങളുടെ ആദ്യത്തെ രണ്ടു വർഷവും, ഇളവ് നൽകിയ വർഷങ്ങളിൽ 20%-ഉം 22 %-ഉം ആണ് സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂടിയത്. എന്നാൽ അതിനുശേഷമുള്ള വർഷങ്ങളിൽ നിങ്ങളുടെ നികുതി വരുമാന വർദ്ധനവ് ഇപ്പോൾ ഉള്ളതുപോലെ 10% ആയിട്ട് താണു. ആ ഒരു ഘട്ടത്തിൽ അധിക നികുതി വേണ്ടെന്ന് വയ്ക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ലേ. ആ സ്ഥിതിവിശേഷം ഇപ്പോഴും തുടരുകയാണ്. അതിന്റെ പശ്ചാത്തലത്തിൽ വളരെ ഗുരുതരവും ഗൗരവതരവുമായിട്ടുള്ള വരുമാനം മുരടിപ്പ് നേടുന്ന സമയത്ത് ഇത്തരത്തിൽ ഒരു നികുതി വേണ്ടെന്ന് വയ്ക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഇപ്പോൾ E-way Bill വരുന്നുണ്ട്. കൂടാതെ ജി.എസ്.ടി.-യുടെ വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക സാഹചര്യങ്ങളൊക്കെ പരിശോധിച്ച് സർക്കാർ ഉചിതമായ തീരുമാനമെടുക്കും. ഇന്നത്തെ ഈ ഘട്ടത്തിൽ അങ്ങനെയൊരു ഭാരം താങ്ങാൻ നിങ്ങളുടെ ഭരണകാലത്ത് കഴിയാത്തതുപോലെ സംസ്ഥാന ഖജനാവിന് കഴിയാത്ത ഒരു അവസ്ഥാവിശേഷമുണ്ട്. അതുകൊണ്ട് സർക്കാർ ഉചിതമായ തീരുമാനമെടുക്കും. നമ്മൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പെട്രോൾ-ഡീസൽ വില വർദ്ധനവിന്റെ ഭാഗമായുള്ള എക്സൈസ് ഡ്യൂട്ടി ഉപേക്ഷിക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പെട്രോളിയം കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ വാശിക്ക് പറയുന്നതുപോലെയാണ് നിയമസഭയിൽ സംസാരിക്കുന്നത്. നികുതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കമ്പനി ഉടമ എന്തൊക്കെ പറയുമോ ആ ന്യായങ്ങളാണ് അങ്ങ് ഇവിടെ നിരത്തിവയ്ക്കുന്നത്. 'അമ്മയ്ക്ക് പ്രാണവേദന മകൾക്ക് വീണവായന' എന്ന ഒരു ചൊല്ല് നാട്ടിൻപുറത്തുണ്ട്. ഇവിടെ ജനങ്ങൾക്ക് പ്രാണവേദനയും അങ്ങേയ്ക്ക് വീണവായനയുമാണ്. ഈ രൂപത്തിൽ കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ലെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പ്രധാന മന്ത്രി "അച്ഛാ ദിൻ ആനേ വാലേ ഹെ" എന്നു പറഞ്ഞാണ് ഭരണം തുടങ്ങിയത്.

ഇപ്പോൾ ആനയുമില്ല വാലുമില്ല, രണ്ടുമില്ലാത്ത അവസ്ഥാവിശേഷത്തിലായി. ഞങ്ങളുടെ നാട്ടിൻപുറത്ത് ഒരു ചായക്കട ഭാഷയുണ്ട് 'പോച്ച അടിക്കുകയെന്ന് പറയും. കേരളത്തിൽ 'പോച്ചാ ദിൻ ഹെ ' എന്ന നിലയിലാണ് കാര്യങ്ങൾ നടക്കുന്നത്. 'ഇന്ധന വിലയുടെ പേരിൽ നികുതി കൊള്ള' എന്ന് എല്ലാ പത്രങ്ങളും പറയുകയാണ്. എല്ലാവരും അതുതന്നെയാണ് പറയുന്നത്. 13 പ്രാവശ്യം നികുതി വർദ്ധിപ്പിച്ച സമയത്ത് ഞങ്ങൾ നാല് പ്രാവശ്യം മാത്രമേ വിട്ടുവീഴ്ച ചെയ്തുള്ളൂവെന്നാണ് അങ്ങ് പറഞ്ഞത്. 59 പ്രാവശ്യം നികുതി വർദ്ധനവുണ്ടായിട്ട് അൽപ്പമെങ്കിലും വിട്ടുവീഴ്ചയും കരുണയും കാണിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഈ നിയമസഭയിൽ ശക്തമായി വാദിക്കുന്നത്. ശ്രീ. വി. ഡി. സതീശന്റെ 5-02-2018-ലെ "ഒരു ലിറ്റർ പെട്രോളും ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് എത്ര തുകയാണ് നികുതി ഇനത്തിൽ അധീഷണലായി കിട്ടുന്നത്" എന്ന ചോദ്യത്തിന് “ 1-02-2018-ലെ വിൽപ്പന പ്രകാരം ഒരു ലിറ്റർ പെട്രോളിന് 18.38 രൂപയും ഒരു ലിറ്റർ ഡീസലിന് 13.95 രൂപയുമാണ് നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിക്കുന്നതെന്ന് " പറഞ്ഞു. അങ്ങനെ ലഭിക്കുമ്പോൾ ചെറിയ ഒരു അംശം നൽകണമെന്നാണ് ഞങ്ങൾ പറയുന്നത്. അങ്ങ് വളരെ സൂക്ഷിച്ച് എങ്ങനെ ഞങ്ങൾക്കെതിരെ അസ്ത്രം എയ്യാം എന്ന് ആലോചിച്ചാണ് ഒരു

രൂപ സെസ്സിനെക്കുറിച്ച് പറയുന്നത്. ആ ഒരു രൂപ സെസ് വച്ചാണ് അങ്ങ് കിഫ്ബിയുടെ കളി ഓണക്കളിയായി നടത്താൻ ശ്രമിക്കുന്നത്. അതിന്റെ തുക അതാണ്. അങ്ങ് അത് പരിശോധിച്ചാൽ മതി. അങ്ങേയ്ക്ക് ആ നികുതി കിട്ടുകയും വേണം അതേ സമയം വിട്ടുവീഴ്ച ചെയ്യുകയുമില്ല, ഞങ്ങളെ കുറ്റപ്പെടുത്തുകയും വേണം, ഇങ്ങനെ എല്ലാംകൂടി കൂട്ടിക്കുഴച്ചുള്ള ഒരു സംവാദത്തിലാണ് അങ്ങ് വന്ന് നിൽക്കുന്നത്. ഡീസലിന്റെയും പെട്രോളിന്റെയും സെയിൽസ് ടാക്സ് അഞ്ചുശതമാനമായി കുറയ്ക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ വാർഷിക വരുമാനത്തിൽ ചെറിയ ഒരു കുറവ് വരും, ഇല്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷെ, അതിന്റെ ആശ്വാസം ലഭിക്കുന്നത് ഈ നാട്ടിലെ പാവപ്പെട്ടവർക്കല്ലേ, സ്കൂട്ടറും ബൈക്കും ആട്ടോറിക്ഷയും തുടങ്ങിയ വാഹനങ്ങൾ ഉപയോഗിക്കുന്ന നാട്ടിലെ ശരാശരി കുടുംബങ്ങൾക്കല്ലേ? വിലക്കയറ്റം തടയുന്നതിനുള്ള നടപടി അതുവഴി ഉണ്ടായാൽ സംസ്ഥാന സർക്കാരിന് അത് ഗുണകരമല്ലേ? ഗുണത്തെക്കുറിച്ച് ആലോചിക്കാതെ അങ്ങ് ചെയ്തത് തെറ്റായിപ്പോയി. മുൻ സർക്കാരിന്റെ കാലത്തെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ അത് പ്രായോഗികമായി കാണിച്ചു. അന്ന് നികുതി ഇനത്തിൽ ഞങ്ങൾ 619.17 കോടി രൂപ വേണ്ടെന്ന് തീരുമാനിച്ചു.

അത് ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ടിയാണ് ആ തീരുമാനമെടുത്തത്. ഇവിടെ നടക്കുന്നത് അച്ഛാ ദിൻ ആണോ? അങ്ങ് ഇതായിരിക്കും ഉത്തരമായി പറയാൻ പോകുന്നതെന്ന് ഞാൻ നേരത്തെ അനുമാനിച്ചു. 18.09.2011-ൽ അന്നത്തെ മുഖ്യമന്ത്രി പറഞ്ഞു, 'ഞങ്ങൾക്ക് ഇതിനുമുകളിലുള്ള അധിക നികുതി വേണ്ടായെന്ന തീരുമാനമെടുക്കുന്നു'. 'ദി ഹന്ദു' പത്രത്തിൽ വന്ന വാർത്തയുടെ ഫോട്ടോകോപ്പിയാണ് എന്റെ കയ്യിലുള്ളത്. 'ടൈംസ് ഓഫ് ഇന്ത്യ'യിൽ 17.09.2017-ൽ വന്ന വാർത്ത അതായത് ആറ് വർഷം കഴിഞ്ഞതിനുശേഷം 'ഇതിൽ വിട്ടുവീഴ്ച കാണിക്കുന്ന പ്രശ്നമേയില്ല, ഞങ്ങൾ ഇതു പിരിക്കുമെന്ന മട്ടിലാണ്'. കൂർപ്പിച്ച കത്തി പാവപ്പെട്ടവന്റെ കഴുത്തിൽ വയ്ക്കുന്നതിനുവേണ്ടി ഇത്ര തീവ്രതയോടുകൂടി വാദിക്കേണ്ടതുണ്ടായിരുന്നോ എന്ന് ആലോചിക്കണം. മനുഷ്യത്വമാണ് ഏറ്റവും പരമപ്രധാനമായ ഭാഗമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ONGC-യുടെ കണക്ക് അങ്ങ് തന്നെ പറഞ്ഞല്ലോ, ഒരു വർഷം ONGC-യ്ക്ക് ഈ നികുതികൊണ്ട് ലഭിക്കുന്ന ലാഭം 3,319 കോടി രൂപയാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന് 112 ഡോളർ ഒരു ബാരലിനുണ്ടായിരുന്നത് ഇപ്പോൾ 70 ഡോളറായി ചുരുങ്ങി. അന്താരാഷ്ട്ര മാർക്കറ്റിൽ വില താഴുന്നത് നമ്മൾ കണ്ടില്ലെന്നു നടിക്കുകയാണ്. നമ്മൾ പ്രസംഗ പീഠങ്ങളിലിരുന്ന് ആവേശത്തോടെ

കത്തിക്കയറുകയും ആളുകളെ ഉദ്ബോധിപ്പിക്കുകയും വിലക്കയറ്റമല്ലേയെന്ന് ചോദിക്കുകയും അതിനെതിരെ പ്രക്ഷോഭം വേണമെന്ന് പറയുകയും ചെയ്യും. വില വർദ്ധനവിനെതിരായി നിങ്ങൾ സമരം നടത്തിക്കൊണ്ടിരുന്നപ്പോഴാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതെന്ന യാഥാർത്ഥ്യം ഞാൻ അങ്ങയെ ഭംഗ്യന്തരേണ ഓർമ്മിപ്പിക്കുകയാണ്. ശ്രീ. റോജി എം. ജോൺ 22-03-2018-ൽ ചോദിച്ച 4623- ാം നമ്പർ ചോദ്യത്തിന് 'ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെട്രോളിന് 59 തവണയും ഡീസലിന് 57 തവണയും വർദ്ധനവുണ്ടായെന്ന്' അങ്ങ് പറഞ്ഞു. സംസ്ഥാനത്ത് 13 തവണ വർദ്ധനവുണ്ടായപ്പോൾ നാല് പ്രാവശ്യം മാത്രമേ യു.ഡി.എഫ്. വിട്ടുവീഴ്ച കാണിച്ചുള്ളൂ എന്നുപറഞ്ഞ അങ്ങ് പെട്രോളിന് 59 തവണയും ഡീസലിന് 57 തവണയും വിലവർദ്ധനവുണ്ടായെന്ന് പറഞ്ഞു. 13-ന്റെ എത്ര ഇരട്ടിയാണ് 59 എന്ന് ദയവായി കാൽക്കുലേറ്റ് ചെയ്യണമെന്ന് ഓർമ്മിപ്പിക്കുകയാണ്. ഒരു ലിറ്റർ പെട്രോളിന് സംസ്ഥാന സർക്കാർ 31.8 ശതമാനവും ഒരു ലിറ്റർ ഡീസലിന് 24.52 ശതമാനവും നികുതി ചുമത്തുന്നുവെന്ന് അങ്ങയുടെ തന്നെ ഉത്തരമാണ്. ഇപ്പോൾ അങ്ങ് സംസാരിച്ചപ്പോൾ അതിൽ നിന്ന് അൽപ്പം ഡീവിയേറ്റ് ചെയ്തുപോയി. അത് 'ഉത്തരത്തിലെ തിരുത്ത്' എന്ന വിധത്തിൽ പിന്നീട് ഈ സഭയ്ക്കുമുന്നിലെത്തുമെന്ന്

എനിക്ക് നല്ല വിശ്വാസമാണ്. ശ്രീ. കെ. എൻ. എ. ഖാദർ ചോദിച്ച ചോദ്യം "പെട്രോൾ ഡീസൽ ഇന്ധവിലയ്ക്ക് സംസ്ഥാന സർക്കാർ നിലവിൽ ചുമത്തുന്ന നികുതി എത്രവീതമെന്ന് അറിയിക്കാമോ" എന്നായിരുന്നു. പാവപ്പെട്ടവരുടെ സർക്കാർ, സാധുക്കളുടെ സർക്കാർ, എല്ലാം ശരിയാക്കുന്ന സർക്കാർ, ആ സർക്കാരാണ് പെട്രോളിന് 31.80 ശതമാനം നികുതി ഈടാക്കുന്നത്. 50:50 ഷെയറിംഗാണ്. ശ്രീ. അരുൺ ജെയ്റ്റ്ലിയ്ക്ക് 50, ഡോ. ടി. എം. തോമസ് ഐസക്കിന് 50. അങ്ങനെ 50:50 ഷെയറിംഗിലാണ് ഈ സർക്കാർ നിൽക്കുന്നതെന്ന് അറിയില്ലേ? സെൻട്രൽ ജി.എസ്.ടി, സ്റ്റേറ്റ് ജി.എസ്.ടി. ഈ രണ്ട് ജി.എസ്.ടി.യും കൂടി ചേരുമ്പോൾ ജനങ്ങളുടെ ചോരപ്പുഴ. അതാണല്ലോ ഈ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അടിക്കടി പാവങ്ങളുടെമേൽ നികുതി അടിച്ചേൽപ്പിക്കുന്നത് ശരിയാണോയെന്ന് അങ്ങ് ആലോചിക്കണമെന്ന് ഞാൻ വിനീതമായി ഓർമ്മിപ്പിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ പെട്രോൾ, ഡീസൽ വിലയുള്ളത് എവിടെയാണെന്നറിയോ? അത് കേരളത്തിലാണ്. അങ്ങ് അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അങ്ങ് ബുദ്ധിയുള്ളയാളാണ് അറിയാതെയൊന്നുമിരിക്കില്ല, അറിഞ്ഞാലും ഞാനൊന്നും അറിഞ്ഞില്ല രാമ നാരായണ എന്ന മട്ടിലിരിക്കുന്ന ആളാണെന്ന കാര്യത്തിൽ എനിക്ക്

സംശയമില്ല. ഇന്ത്യയിൽ നിന്നാണ് പെട്രോളും ഡീസലും നേപ്പാളിലേയ്ക്ക് കൊണ്ടുപോകുന്നതെന്ന് അങ്ങേയ്ക്കറിയില്ലേ? നേപ്പാളിൽ ഇന്ത്യൻ രൂപയനുസരിച്ച് ഒരു ലിറ്റർ ഡീസലിന് 61.32 രൂപയാണ്. കേരളത്തിലെ വില അങ്ങ് പറഞ്ഞതിനെക്കാൾ വ്യത്യസ്തമാണ് ഇന്നത്തെ വില, എന്നാലും ശരാശരി ഒപ്പിക്കാമെന്ന മട്ടിലാണ് അങ്ങയുടെ കണക്ക്. 4-04-2018-ൽ ഒരു ലിറ്റർ പെട്രോളിന് 77.90 രൂപയും ഡീസലിന് 70.34 രൂപയുമാണ്. നേപ്പാളിൽ വിൽക്കുന്നത് 61.32 രൂപയ്ക്കാണ്. നേപ്പാളിൽ ജനിച്ചാൽ മതിയായിരുന്നുവെന്ന് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന രൂപത്തിലേയ്ക്ക് പോകാമോ? ഏറ്റവും കൂടുതൽ വില ഈടാക്കുന്ന സംസ്ഥാനം നമ്മളാണെന്ന് മറക്കരുത്. ഇന്തോനേഷ്യയിൽ, ആ കണക്ക് ഞാൻ വായിക്കുന്നില്ല. എന്നെക്കാൾ നല്ല കണക്ക് ശാസ്ത്രജ്ഞനായ അങ്ങ് അതെല്ലാം പരിശോധിച്ചിട്ടുണ്ടാകും. എന്നാലും ഒരു കേസ് വാദിക്കുന്നതിനുവേണ്ടി ഗൗണിടാതെ കേസ് വാദിക്കുന്ന വക്കീലായി അങ്ങ് ഇവിടെ അവതരിച്ചത് ശരിയായില്ലെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ലോകത്ത് ഏറ്റവും കൂടുതൽ വില ഈടാക്കുന്ന ആളുകൾ സൗജന്യത്തിന് പാവങ്ങളോട് കരുണ കാണിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുമ്പോൾ കാരുണ്യത്തിന്റെ കണികപോലും നൽകാതെ ഞങ്ങളുടെ മേൽ സിംഹ നൃത്തം ചവിട്ടുന്നതിനാണ് അങ്ങ്

ശ്രമിച്ചതെന്നതിൽ എനിക്ക് ദു:ഖമുണ്ട്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയമൊന്നും ആയിട്ടില്ല.

മി. സ്പീക്കർ: ആയി. അങ്ങ് ഏതായാലും ഗൗണില്ലാതെ വാദിക്കുന്നയാളല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നിർബന്ധം പറഞ്ഞാൽ ഞാൻ വാശിപിടിക്കില്ല.

മി. സ്പീക്കർ: അങ്ങയോട് ഞാൻ നിർബന്ധം പറയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അല്ലെങ്കിൽതന്നെ ദേശീയഗാനം ആലപിക്കുന്നതിനുള്ള മൈക്ക് ഇവിടെ വച്ചിരിക്കുകയാണ്. ഞാൻ രണ്ട് മിനിട്ട് കൂടുതൽ എടുത്തതുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ? അന്നത്തെ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ഒരു മാതൃകയുണ്ടായിരുന്നു. ഇന്നത്തെ മാതൃകയെന്താണ്? ഇപ്പോൾ അങ്ങോട്ടുമിങ്ങോട്ടും സെൽഫ് ഗോൾ അടിക്കുകയാണ്. നിങ്ങൾ അങ്ങോട്ട് ഡൽഹിക്ക് ഗോളടിക്കും, ഡൽഹിയിൽ നിന്നും ഇങ്ങോട്ട് വന്നടിച്ചുതരും. നിങ്ങൾ ബി.ജെ.പി.-യെ എതിർത്തുകൊണ്ടിരിക്കുമ്പോഴും ഈ ഗവൺമെന്റിനെ 'ബഹുത് അച്ഛാ ഹെ' എന്ന് ശ്രീ. നിതിൻ ഗഡ്കരി പറഞ്ഞത് ഓർത്തിരിക്കണം എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ രൂപത്തിൽ സംസ്ഥാനത്തെ പെട്രോൾ-ഡീസലിന്റെ

വില വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ.....,

മി. സ്പീക്കർ: അദ്ദേഹം അവസാനിപ്പിക്കുകയാണ്. നിങ്ങൾ അത് ഫ്യൂവൽ ചെയ്യുണ്ട, പ്ലീസ്.... പ്ലീസ്....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കുട്ടികളല്ലേ, അവരോട് ഒരു കാരുണ്യം കാണിക്കണ്ടേ. ഞാൻ അവരോട് കാരുണ്യം കാണിക്കുന്ന ആളാണ്. ഞാനും ഇതുപോലെ ആ ബെഞ്ചുകളിലൊക്കെ വന്നിരുന്ന് ഒച്ചയൊക്കെ വച്ച് ഞാനും ഇവിടെയുണ്ട് എന്ന് പ്രസ്സിനെ ബോദ്ധ്യപ്പെടുത്താൻ ഒത്തിരി പണി ചെയ്തിട്ടുള്ളയാളാണ്. അതുകൊണ്ട് എനിക്ക് അതിലൊന്നും ഒരു വിഷമവുമില്ല. അതുകൊണ്ട് അങ്ങനെയൊക്കെ നടക്കും. അത് നടന്നുപോകട്ടെ. 'അച്ചാ ദിൻ ഹെ' എന്ന് ഞാൻ നിങ്ങളെ ആശംസിക്കുകയാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയുടെ പ്രസംഗം തടസ്സപ്പെടുത്താനല്ല. പെട്രോൾ-ഡീസലിന്റെ വിലവർദ്ധനവുമൂലം അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണല്ലോ ഇവിടെ പറയുന്നത്. ഇതിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വാഹനരംഗത്ത്......, സോളാർ എനർജി ഉപയോഗിച്ചുകൊണ്ടുള്ള ഒരു വലിയ വിപ്ലവം സംഘടിപ്പിക്കാൻ കഴിഞ്ഞാൽ ഇതിനെ പ്രതിരോധിക്കാനുള്ള

നടപടിയാകില്ലേ? അത്തരമൊരു ശാസ്ത്രീയമായ നിഗമനങ്ങളിലേയ്ക്ക് നമ്മുടെ ചർച്ചകളെ ഉപയോഗപ്പെടുത്തുന്നതല്ലേ ഫലപ്രദം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രസംഗം തടസ്സപ്പെടുത്താനല്ല എന്നു പറഞ്ഞുകൊണ്ട് ഒരു തടസ്സപ്പെടുത്തൽ നടത്തുകയാണ് അദ്ദേഹം. പക്ഷേ എനിക്ക് അതിൽ വിരോധമില്ല. കാരണം അദ്ദേഹം സീനിയറായ ആളാണ്. പ്രത്യേകിച്ച് എനിക്ക് നല്ല ഇഷ്ടമുള്ള ആളുമാണ്. അങ്ങയുടെ സൗരോർജ്ജ തിയറി ഈ ഗവൺമെന്റിനെക്കൊണ്ട് സ്വീകരിപ്പിച്ചാൽ പോരേ! ഞങ്ങളെ ഉപദ്രവിക്കേണ്ട കാര്യമുണ്ടോ? ഞങ്ങൾ ഒരു ദ്രോഹവും ചെയ്തില്ലല്ലോ. സൗരോർജ്ജത്തിന്റെ ഈ പാനൽ എടുത്തുകൊണ്ട് ഞാൻ ഓടിയോ? ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല, നിങ്ങൾ അത് നടത്തിയാൽ മതി. അതിനുവേണ്ടി അങ്ങ് ഉപദേശിക്കണം. അങ്ങയുടെ ഉപദേശം കറക്ടാണ്. ഞാൻ അങ്ങയുടെ പഴയൊരു പ്രസംഗം ഓർക്കുന്നുണ്ട്. അങ്ങ് സൗരോർജ്ജത്തിനുവേണ്ടി ആവേശകരമായി ഊർജ്ജിതം കാണിച്ചത് ഞാൻ ഓർക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് ഇത് നടപ്പാക്കട്ടെ. നടപ്പാക്കുമ്പോൾ ഏതുരൂപത്തിലാണ് ഞങ്ങൾ സഹായിക്കേണ്ടത് എന്നുപറഞ്ഞാൽ ഞങ്ങൾ സഹായിക്കാം. ഒരു കുഴപ്പവുമില്ല. സൗരോർജ്ജം മാത്രമല്ല, കാറ്റാടിപ്പാടം, തിരമാല തുടങ്ങിയവയെല്ലാം നമുക്ക് ഊർജ്ജമാക്കി മാറ്റാം. നോൺ

കൺവെൻഷണൽ എനർജി, അതിനൊക്കെ ഒത്തിരി സാധ്യതകളുണ്ട്. ആ സാധ്യതകളൊക്കെ വന്നിട്ടേ ഈ അഞ്ചുരൂപയുടെ വിട്ടുവീഴ്ച കാണിക്കുകയുള്ളൂ എന്നൊരു വാശി പിടിക്കരുത് എന്നുള്ളതാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം. ഈ പ്രശ്നം ഗുരുതരമാണെന്നും സംസ്ഥാന ഗവൺമെന്റ് വിട്ടുവീഴ്ച ചെയ്യരുത് എന്നുപറയുന്നത് ഒഴിച്ചാൽ ബാക്കിയുള്ള എല്ലാ കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയും ഞാനും തമ്മിൽ യോജിപ്പാണ്. ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ യോജിപ്പാണ്. ഈ വിഷയം ചർച്ച ചെയ്തുകൂടേ എന്നുള്ളതാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. ഇത്രയും നമുക്ക് യോജിപ്പുണ്ടെങ്കിൽ, ഇത് ഭീകരമാണെന്നും 59 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ക്രൂരമായ നടപടിയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നതെന്നും പെട്രോൾ കമ്പനിക്ക് ലാഭമുണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണെന്നും അങ്ങ് അവിടെ നിന്ന് സംസാരിച്ചപ്പോൾ, പിന്നെ എന്തിനാണ് ചർച്ച ചെയ്യുന്നതിന് എതിർക്കുന്നത്. അതിനകത്തൊരു ലോജിക്കില്ല. എപ്പോഴും ലോജിക് വച്ച് സംസാരിക്കുന്നയാളാണ് ധനകാര്യ വകുപ്പുമന്ത്രി. പക്ഷേ ഇത് ഇല്ലോജിക്കായിപ്പോയി. ഇതിനകത്ത് ഒരു ലോജിക്കില്ലാതായിപ്പോയി. അതുകൊണ്ട് ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം. അതിതീവ്രമായ ഈ പ്രശ്നത്തിൽ നിന്നും നമ്മുടെ നാട്ടുകാരെ രക്ഷിക്കണം.

സാധുക്കളായ ആളുകൾ ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദനയ്ക്ക് കയ്യും കണക്കുമില്ല. വീണ്ടും അവരുടെ മേൽ കൂടുതൽ നികുതി ഈടാക്കത്തക്ക നടപടിയിലേയ്ക്ക് പോകരുത് എന്ന് ഓർമ്മിച്ചുകൊണ്ട്...., സാധാരണഗതിയിൽ ഒരു പാട്ടുപാടിയിട്ട് ആ പാട്ട് ഇന്നയാളിനുവേണ്ടി സമർപ്പിക്കുന്നുവെന്ന് പറയാറുണ്ട്. ഇത് ഞാൻ ഈ നാട്ടിലെ പാവപ്പെട്ടവർക്കുവേണ്ടി സമർപ്പിച്ചുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എന്റെ സംസാരം കേട്ടപ്പോൾ ഓയിൽ കമ്പനികളുടെ മാനേജർ വാദിക്കുന്നതുപോലെയെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ആ ഗൗൺ അങ്ങേയ്ക്കാണ് കൂടുതൽ യോജിക്കുക. അതുകൊണ്ട് ഞാൻ പറയണമെന്ന് ആഗ്രഹിച്ചിരുന്നില്ലെങ്കിലും ഇനിയിപ്പോൾ പറയാതെ വയ്യ. ആരാണ് ഈ നയം കൊണ്ടുവന്നത്? സ്വാതന്ത്ര്യം കിട്ടിയ നാൾ മുതൽ പെട്രോൾ-ഡീസൽ എന്നുപറയുന്നത് ഒരു അടിസ്ഥാന വസ്തുവാണെന്നും അതൊരു സ്ഥിരവിലയ്ക്ക് ലഭ്യമാകണമെന്നായിരുന്നു അന്തർദ്ദേശീയ മാർക്കറ്റിൽ ദിവസവും വില കൂടുകയും കുറയുകയും ചെയ്യുമ്പോൾ കൂടുകയും കുറയുകയും ചെയ്യേണ്ട ഒന്നല്ല എന്നുള്ളതുകൊണ്ട് ഒരു ഓയിൽ പൂൾ അക്കൗണ്ടുണ്ടാക്കി. അതിലേയ്ക്ക് ഇവിടെ നിന്നും പിരിക്കുന്ന നികുതിയുടെ ഒരു ഭാഗം, പൊതുമേഖലാസ്ഥാപനങ്ങളുടെ ലാഭവും കൂടി ചേർത്ത്

സ്ഥിരവില പിടിച്ചുനിർത്തിക്കൊണ്ടിരുന്നു. അതില്ലാതാക്കിയത് നിങ്ങളല്ലേ, അതില്ലാതാക്കിക്കഴിഞ്ഞിട്ടും ഇതിന് മൂന്നു ഭാഗങ്ങളുണ്ട്. ക്രൂഡ് ഓയിലിനെ ഖനനം ചെയ്തെടുക്കുന്ന പര്യവേഷണം ചെയ്യുന്ന ഒ.എൻ.ജി.സി. പോലുള്ള കമ്പനികൾ. രണ്ട്, റിഫൈനറി കമ്പനികൾ, ഏതാണ്ട് പൂർണ്ണമായും നമ്മുടെ ക്രൂഡ് ഓയിൽ ഇവിടെ തന്നെയാണ് റിഫൈൻ ചെയ്യുന്നത്. മൂന്ന്, ഇത് ചില്ലറയ്ക്കായി വിൽക്കുന്ന മാർക്കറ്റിംഗ് കമ്പനികൾ. ആദ്യം പറഞ്ഞ രണ്ടും ഭയങ്കര ലാഭത്തിലാണ്. അവസാനം പറഞ്ഞതിനാണ് ലാഭം കുറവ് അല്ലെങ്കിൽ ചിലപ്പോൾ നഷ്ടം വരുന്നത്. അത് അണ്ടർ റിക്കവറി എന്നുപറയുമ്പോൾ, വിദേശത്ത് നിന്ന് ഈ എണ്ണ ഇറക്കുമതി ചെയ്യുന്നെങ്കിൽ ഇംപോർട്ട് പാരിറ്റി പ്രൈസും സർക്കാർ നിശ്ചയിച്ച വിലയും തമ്മിലുള്ള അന്തരത്തിനെയാണ് അണ്ടർ റിക്കവറി എന്നുപറഞ്ഞുകൊണ്ടിരുന്നത്. അത് ഒരു നോഷണൽ ഫിഗറാണ്. ഇത് മൂന്നും കൂടി ചേർത്തുകഴിഞ്ഞാൽ ഈ സെക്ടർ ലാഭത്തിലാണ്. അതിനുപുറമെ നികുതി. അതിനാൽ 2010-ൽ Kirit Parikh കമ്മിറ്റിയെ നിയോഗിച്ച് അണ്ടർ റിക്കവറി ഭയങ്കരമൊരു സാധനമാണെന്നും അത് ഇല്ലാതാക്കിയില്ലെങ്കിൽ ഈ സെക്ടർ തന്നെ തകർന്നുപോകുമെന്ന് പറഞ്ഞ് ഇതിനെ ഡീ റെഗുലേറ്റ് ചെയ്തു; ഈ കമ്പനികൾക്ക് ഓരോ ദിവസവും ഇഷ്ടം പോലെ വില കൂട്ടാനും കുറയ്ക്കാനുമുള്ള അവകാശം

കൊടുത്തത് നിങ്ങളല്ലേ? പറയുമ്പോൾ എല്ലാം പറയണ്ടേ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയാണ്. ഓയിൽ പൂൾ അക്കൗണ്ടുണ്ടായിരുന്നു, അണ്ടർ റിക്കവറിയുടെ പ്രശ്നമുണ്ടായിരുന്നു. ആ കാലഘട്ടത്തിലൊക്കെ അന്താരാഷ്ട്ര എണ്ണവില ഒരു ബാരലിന് ഏകദേശം സ്റ്റഡിയായിട്ടാണ് പോയിക്കൊണ്ടിരുന്നത്. അതിനുശേഷം വലിയ ഫ്ലക്ച്വേഷൻ വരികയും പലപ്പോഴും നേരത്തെയുണ്ടായിരുന്ന വിലയുടെ 25-ഉം 50-ഉം ശതമാനം വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് കേന്ദ്ര ഗവൺമെന്റിന് 2 ലക്ഷം കോടി രൂപയുടെയെല്ലാം ബാധ്യത വന്ന ഒരു ഘട്ടത്തിൽ ഓയിൽ പൂൾ അക്കൗണ്ട് മാറ്റി ഫ്ലക്ച്വേഷൻ വരുന്നതിനനുസരിച്ച് പ്രൈസ് മാറ്റാൻ തീരുമാനിച്ചത്. അതും ബി.ജെ.പി. ഇവിടെ 9 പ്രാവശ്യം നികുതി വർദ്ധിപ്പിച്ചതും തമ്മിൽ അങ്ങ് താരതമ്യപ്പെടുത്തുന്നത് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ല. എന്നാൽ കുറച്ചുകൂടി പറയേണ്ടി വരും. സ്വാതന്ത്ര്യം കിട്ടിയതുമുതൽ നന്നായി പോയിക്കൊണ്ടിരുന്നതായിരുന്നു. അങ്ങനെയിരുന്നപ്പോഴാണ് റിലയൻസ്, എസ്സാർ തുടങ്ങിയവർ ഈ സെക്ടറിലേയ്ക്ക് വരുന്നത്. റിലയൻസും മറ്റും വന്നപ്പോൾ ഓയിൽ പൂൾ അക്കൗണ്ടിൽ നിന്ന് അവരെ സബ്സിഡൈസ് ചെയ്യാൻ സാധിക്കില്ല.

റിലയൻസ് ഇവിടെയെല്ലാം പെട്രോൾ പമ്പുകൾ ആരംഭിച്ചു. അത് പൂട്ടേണ്ടിവന്നു. അവർ ഇന്റർനാഷണൽ ഏജൻസിയിൽ പോയി ഞങ്ങളുടെ നേരെ വിവേചനമാണെന്ന രീതിയിൽ ഇന്ത്യാ സർക്കാരിനെതിരെ പരാതി കൊടുത്തു. ഇവരെ സഹായിക്കാൻ വേണ്ടിയിട്ടാണ് Kirit Parikh കമ്മിറ്റിയെ നിയോഗിച്ച് ഇത് വേണ്ടെന്നുവച്ചത്. അപ്പോൾ ആരാണ് ഈ എണ്ണ കമ്പനികൾക്ക് വേണ്ടി വക്കാലത്ത് പിടിച്ചത്. ഞങ്ങൾ അന്നുമുതൽ തുടർച്ചയായി എടുത്തുവരുന്ന നിലപാടാണിത്. നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് 59 പ്രാവശ്യം എന്നുപറഞ്ഞല്ലോ. അന്ന് വീണ്ടും വീണ്ടും ക്രൂഡ് ഓയിൽ വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കമ്പനി ദിവസവും വില മാറ്റുന്നില്ല. എപ്പോഴൊക്കെ ക്രൂഡ് ഓയിലിന്റെ വില കുറയുന്നോ, അപ്പോഴൊക്കെ നികുതിയാണ് കൂട്ടിയത്. ഇന്നങ്ങനെയല്ല, ക്രൂഡ് ഓയിലിന്റെ വില കൂടിക്കൊണ്ടിരിക്കുന്നു. ഇവിടെ ശ്രീ. അരുൺ ജെയ്റ്റ്ലിക്ക് വേണമെങ്കിൽ കൂട്ടിയ നികുതി കുറയ്ക്കാം പക്ഷെ കുറയ്ക്കുകയല്ല ചെയ്യുന്നത്. നിങ്ങളുടെ നഷ്ടം നികത്താൻവേണ്ടി നിങ്ങൾ വില കൂട്ടിക്കോയെന്നാണ്. ഓരോ ദിവസവും വില കൂട്ടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആ 59-ഉം 18-ഉം, ഞങ്ങളുടെ കാലത്ത് 18 പ്രാവശ്യമല്ലേ എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് ജി.എസ്.ടി. കൗൺസിലിൽ

അംഗമല്ലേ; ജി.എസ്.ടി.-യിൽ പെട്രോളുംകൂടി ചേർക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ പൊതു അഭിപ്രായമായിരുന്നില്ലേ? സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ പങ്കെടുക്കുമ്പോൾ അതിൽ ഉൾപ്പെടുത്തണമെന്നല്ലേ വാദിക്കേണ്ടത്. ജി.എസ്.ടി.-യിൽ ചേർത്തിരുന്നുവെങ്കിൽ ഇപ്പോഴുള്ള ടാക്സ് കുറയുമായിരുന്നോ; ആ ശതമാനം കുറയ്ക്കാൻ കഴിയുമായിരുന്നോ? ഈ പറയുന്ന ഭൂകമ്പങ്ങളെല്ലാം ഉണ്ടായി. അങ്ങേയ്ക്ക് വേണമെങ്കിൽ അതിനകത്ത് തടിതപ്പാം, പക്ഷെ, ഈ സംസ്ഥാനത്തെ ഗവൺമെന്റിന് ലഭിക്കുന്ന 50 ശതമാനം ടാക്സിനകത്ത് എന്തെങ്കിലും കരുണ കാണിക്കുമോ എന്നായിരുന്നു ഞങ്ങളുടെ ചോദ്യം. അതിനുപകരം അങ്ങ് 2010-ലേയ്ക്ക് പോകുകയാണ്. As on today ഈ പാവപ്പെട്ടവർക്ക് ആനുകൂല്യം കൊടുക്കുന്നതിന് എന്ത് തടസ്സമാണ് സംസ്ഥാന ഗവൺമെന്റിന്റെ മുന്നിലുള്ളത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, എണ്ണ കമ്പനികൾക്കു വേണ്ടിയല്ല ബി.ജെ.പി.ക്കുവേണ്ടി വാദിക്കാൻ അങ്ങ് തയ്യാറായിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങും ശ്രീ. അരുൺ ജയ്റ്റ്ലിയും ഒരുമിച്ചിരുന്ന് എടുത്ത തീരുമാനമല്ലേ അത്. അതിനകത്ത് തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്താണ് ചെയ്തത്; എനിക്ക് അവിടെ പ്രവേശന പാസ്സ് പോലുമില്ല; ഞങ്ങൾക്ക്

അവിടെ വന്ന് പറയാൻ കഴിയുമോ? എന്നിട്ട് അങ്ങ് ഇവിടെ വന്ന് ഞങ്ങൾ ബി.ജെ.പി.ക്കുവേണ്ടി വാദിക്കുകയാണെന്ന് പറയുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇപ്പോൾ ശ്രീ അരുൺ ജയ്റ്റ്ലി എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതിന്റെ ഫലമായി കേന്ദ്ര നികുതി 9/- രൂപയിൽ നിന്ന് 21/- രൂപയായി വർദ്ധിച്ചു. അത് സംസ്ഥാനങ്ങൾക്ക് 42 ശതമാനം നൽകുന്നു എന്നുള്ളത് സംഘികൾ പറഞ്ഞു നടക്കുന്നതാണ്. വർദ്ധിപ്പിച്ചത് ബേസിക് എക്സൈസ് അല്ല, അഡീഷണൽ എക്സൈസ് ആണ്. അത് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ആവശ്യമില്ല. നിങ്ങൾ ബി.ജെ.പി.-യുടെ ഫേസ്ബുക്കിലുള്ള പ്രചരണവാദം ഇവിടെ വച്ച് വിളമ്പിയാലോ; അത് ചെയ്യരുത്. സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കാവുന്ന രീതിയിൽ ബേസിക് ടാക്സാണെങ്കിൽ കിട്ടിയെന്ന് പറയാം, അഡീഷണൽ എക്സൈസ് അല്ലേ വർദ്ധിപ്പിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണഗതിയിൽ കോടതിയിൽ പോകുന്ന വക്കീൽ കേസ് തോൽക്കുമ്പോൾ മേശപ്പുറത്ത് ആഞ്ഞടിക്കും. അങ്ങ് ഈ പണി ഇവിടെ കാണിക്കരുത്. നിയമസഭയിൽ പറയുമ്പോൾ കുറച്ചുകൂടി കൃത്യമായി പറയണം.

ഡോ. ടി. എം. തോമസ് ഐസക് : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നല്ല

ഡിബേറ്റനാണ്, അതുകൊണ്ട് പറഞ്ഞുനിൽക്കും. യാഥാർത്ഥ്യം എല്ലാവർക്കും മനസ്സിലാകുന്നുണ്ടല്ലോ; ഇത്തരത്തിലല്ല ഇതിനെ നമ്മൾ കാണേണ്ടത്. ഞാൻ പറഞ്ഞ വാദം ഇത്രയേയുള്ളൂ. 610 കോടി രൂപ നാല് തവണയായി നിങ്ങൾ വേണ്ടെന്ന് വച്ചു. പക്ഷേ, 13 തവണയായി എത്ര കോടി രൂപയാണ് കൂട്ടതലായി വാങ്ങിച്ചത്. 2012-ൽ 23 ശതമാനം വരെ കുറച്ചത് നിങ്ങൾ ഇറങ്ങി പോകുമ്പോൾ ഇഫക്ടീവിലി 33 ശതമാനത്തിലേറെയായി വർദ്ധിപ്പിച്ചില്ലേ? ഞാൻ നൽകിയ കണക്ക് എ.എസ്.റ്റി. കൂട്ടാതെയുള്ളതാണ്. അതാണ് ഇഫക്ടീവ് എന്ന് ചേർത്തത്. എത്ര ആയിരം കോടി രൂപയാണ് ജനങ്ങളിൽ നിന്ന് നിങ്ങൾ കൂട്ടതൽ പിരിച്ചെടുത്തത്. എന്നിട്ട് ഇപ്പോൾ ഒരു പ്രാവശ്യം പോലും പെട്രോളിയം ഉത്പന്നങ്ങൾക്ക് നികുതി വർദ്ധിപ്പിക്കില്ല, ഇനി വില കുറഞ്ഞാലും നികുതി വർദ്ധിപ്പിക്കില്ലായെന്ന നിലപാട് സ്വീകരിക്കുന്ന സർക്കാരും നിങ്ങളുടെ നിലപാടും ഒരുപോലെയാണ്. ഞങ്ങളെ കണ്ടുപഠിക്കണമെന്ന് പറഞ്ഞാൽ.., നിങ്ങളെ കണ്ടുപഠിക്കാൻ തീരുമാനിച്ചിട്ടില്ല, നികുതി വർദ്ധിപ്പിക്കില്ല. അത് നമുക്ക് സന്തോഷമുള്ള കാര്യമല്ല, നികുതി കുറയ്ക്കണമെന്ന് ആഗ്രഹമുണ്ട്. എങ്ങനെയെങ്കിലും ജനങ്ങളെ പിഴിയുക എന്നുള്ളതല്ല. മറിച്ച് ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്. ഞങ്ങൾ കാര്യങ്ങൾ പരിശോധിക്കും. അടുത്ത സബ്മിഷൻ വരുമ്പോൾ

അക്കാര്യം മനസ്സിലാകും.

ശ്രീ. കെ. സി. ജോസഫ് : സർ, കേന്ദ്ര ഗവൺമെന്റിന്റെ പെട്രോളിയം നയത്തെ വിമർശിക്കുന്നവരാണ് അങ്ങും അങ്ങയുടെ പാർട്ടിയും. നികുതി കുറയ്ക്കാൻ പറയുകയല്ല, ഇപ്പോഴുണ്ടാകുന്ന വർദ്ധനവിന്റെ ആനുകൂല്യം വേണമെന്ന് പറയുകയും വർദ്ധനവിനെ എതിർക്കുകയും ചെയ്യുന്നത് ശരിയാണോ; ആ നയം ഇരട്ടത്താപ്പല്ലേ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അതുതന്നെയാണ് ഞാൻ പറയുന്നത്. നമ്മൾ വയ്ക്കേണ്ട ഡിമാന്റ് എന്ന് പറയുന്നത് ഈ നികുതി വർദ്ധനവ് roll back ചെയ്യണം. 9/- രൂപ ആയിരുന്ന കേന്ദ്ര നികുതി 21/- രൂപയായി വർദ്ധിപ്പിച്ചു. അത് 21/- രൂപയിൽ നിന്നും 9/- രൂപയായി കുറയ്ക്കണം. അതേസമയം കേന്ദ്രം പറയുന്ന, ഞങ്ങൾ വർദ്ധിപ്പിക്കും, അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഞങ്ങൾ മാത്രം എടുക്കും, അതിന്റെ ഭാഗമായി നിങ്ങൾ നികുതി കുറയ്ക്കു എന്ന നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയില്ല. എങ്ങനെയാണ് ജനങ്ങൾക്ക് സമാശ്വാസം നൽകുന്നത് എന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെടുത്തി ഉചിതമായ തീരുമാനങ്ങൾ സർക്കാർ എടുക്കും. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ

വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരാണാനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ശ്രീ. അരുൺ ജയ്റ്റ്ലിയെക്കാൾ വാശിയോടുകൂടിയാണ് ബി.ജെ.പി. ഗവൺമെന്റിന്റെ ഓയിൽ പോളിസിയെ പിന്താങ്ങുന്നത് എന്നുള്ളത് വളരെ കഷ്ടമാണ്. നമ്മുടെ രാജ്യത്തെ ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഓയിൽ സെക്ടറിലുള്ള പരിഷ്കാരം രാജ്യത്തെ ജനങ്ങളുടെ ജീവിതത്തെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുന്നു, കാർഷിക ഉത്പന്നങ്ങളുടെ വിലത്തകർച്ചകൊണ്ട് കർഷകർ പ്രയാസപ്പെടുന്നു, ഭക്ഷ്യധാന്യങ്ങളുടെ അമിതമായ വിലവർദ്ധനവ് സാധാരണക്കാരുടെ നട്ടെല്ല് ഒടിച്ചിരിക്കുന്നു. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുന്ന ഈ നയം രാജ്യത്തൊട്ടാകെ ജനങ്ങളിൽ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്. ബി.ജെ.പി. ഗവൺമെന്റ് ലക്കും ലഗാനുമില്ലാതെ എക്സൈസ് ഡ്യൂട്ടിയിൽ വരുത്തിയിരിക്കുന്ന വർദ്ധനവും അതോടൊപ്പം എല്ലാ ദിവസവും ഓയിലിന്റെ വില കൂട്ടുകയും ചെയ്യുന്നതിലൂടെ സാധാരണക്കാരായ ജനങ്ങളുടെമേൽ

കൂടുതൽ ഭാരം അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയം പുനഃപരിശോധിക്കണമെന്നാണ് രാജ്യത്തെ ജനങ്ങൾ ഒന്നടങ്കം ആവശ്യപ്പെടുന്നത്. കേന്ദ്ര ഗവൺമെന്റിന്റേത് തെറ്റായ നയമാണെന്നുപോലും ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞില്ല. ജി.എസ്.ടി.-യുടെ കാര്യത്തിൽ അദ്ദേഹം കണ്ണുംപൂട്ടി ശ്രീ. അരുൺ ജയ്റ്റ്ലിയെ സപ്പോർട്ട് ചെയ്തതുപോലെ ഓയിൽ പ്രൈസിന്റെ കാര്യത്തിലും അവരെ സപ്പോർട്ട് ചെയ്യുകയാണ്. കേന്ദ്ര ഗവൺമെന്റ് ഇത് പിൻവലിക്കണം. ഇന്ന് അന്തർദേശീയ മാർക്കറ്റിൽ ഓയിൽ പ്രൈസ് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് ആനുപാതികമായ വിലക്കുറവ് ജനങ്ങളിലേയ്ക്ക് പാസ്സ് ഓൺ ചെയ്യാനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. അതിനുപകരം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചുകൊണ്ട് രാജ്യത്തെ ജനങ്ങളുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുകയാണ്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് സാധാരണക്കാരായ ജനങ്ങളുടെ നിത്യജീവിതത്തെ കൂടുതൽ ദുരിതപൂർണ്ണമാക്കുന്നു എന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നം. 2011 നവംബർ 14-ന് ബഹുമാനപ്പെട്ട മന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രതിപക്ഷത്തായിരുന്ന സമയത്ത് അദ്ദേഹം ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചിരുന്നു. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചർച്ച

ചെയ്യാം എന്നാണ് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന് എതിരെ ചർച്ച ചെയ്യുന്നതിന് നിങ്ങൾക്ക് എന്താണ് ബുദ്ധിമുട്ട്? അന്ന് ശ്രീ. ഉമ്മൻ ചാണ്ടി അനുവദിച്ച് തന്നതുപോലെ ഇന്ന് ഇത് ചർച്ച ചെയ്യാൻ തയ്യാറാകുമെന്നാണ് ഞാൻ കരുതിയിരുന്നത്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ബി.ജെ.പി. ഗവൺമെന്റിന്റെ യഥാർത്ഥ മുഖം തുറന്ന് കാണിക്കാമായിരുന്നു. അതിന് നിങ്ങൾ തയ്യാറായില്ല. ഡോ. തോമസ് ഐസകിന്റെ പ്രസംഗത്തിന്റെ ഭാഗങ്ങളൊന്നും ഞാൻ ഇവിടെ വായിക്കുന്നില്ല. അദ്ദേഹം അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ച അതേ കാര്യങ്ങൾക്കാണ് ഇന്നും ഇവിടെ കൂടുതൽ പ്രസക്തി. അതിനേക്കാൾ ഗുരുതരമായ അവസ്ഥാവിശേഷം ഉണ്ടായിരിക്കുന്നു. ഇതിനകത്ത് കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം, കേന്ദ്ര ഗവൺമെന്റ് ഓയിൽ സെക്ടറിൽ സ്വീകരിച്ചിരിക്കുന്ന, ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനങ്ങളെ ഒരുമിച്ച് എതിർക്കാനുള്ള ഒരവസരം കൂടിയാണ് ഞങ്ങൾ നൽകിയത്. ആ അവസരം നിങ്ങൾ പ്രയോജനപ്പെടുത്തിയില്ല. ഈ വിഷയം ചർച്ച ചെയ്തിരുന്നുവെങ്കിൽ പ്രതിക്കൂട്ടിൽ ആകുന്നത് കേന്ദ്ര ഗവൺമെന്റും ശ്രീ. നരേന്ദ്ര മോഡിയും ആയിരിക്കും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. പക്ഷെ, അതിനുള്ള അവസരം നിങ്ങൾ നൽകിയില്ല എന്നുള്ളതിൽ ശക്തമായ പ്രതിഷേധമുണ്ട്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ

ചാണ്ടി പറഞ്ഞ വാചകം ഞാൻ ഉദ്ധരിക്കാം. "ഞങ്ങൾക്ക് ജനങ്ങളെക്കൂടി കാണണം, നിങ്ങൾ ആരും ആവശ്യപ്പെട്ടില്ലെങ്കിലും കേരളത്തിലെ ജനങ്ങൾക്കുവേണ്ടി പുതിയതായി വർദ്ധിപ്പിച്ച വിലയുടെ അധിക നികുതി വേണ്ടെന്ന് വയ്ക്കാൻ ഗവൺമെന്റ് തീരുമാനിക്കുന്നു". പ്രതിപക്ഷത്തുനിന്ന് ചർച്ചയിൽ പങ്കെടുത്ത ഒരാൾപോലും അധിക നികുതി വേണ്ടെന്ന് വയ്ക്കണമെന്ന് പറഞ്ഞില്ല. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അധികമായി കേരള ഗവൺമെന്റിന് കിട്ടുന്ന നികുതി വരുമാനം വേണ്ടെന്ന് വച്ചത് അങ്ങ് വളരെ നിസ്സാരവത്കരിച്ചത് ശരിയായില്ല. അങ്ങ് വളരെ നിസ്സാരമായാണ് പറഞ്ഞത്, 13 തവണ വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ നാല് തവണയല്ലേ വർദ്ധിപ്പിച്ചത് എന്ന്. നിങ്ങൾ ഒരു ശതമാനം ടാക്സ് കൂട്ടിയില്ലേയെന്നും അങ്ങ് ചോദിച്ചു. ഞങ്ങൾ ഒരു ശതമാനം ടാക്സ് കൂട്ടിയത് കേരളത്തിലെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനും ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിനും വേണ്ടിയായിരുന്നു. അത് സംസ്ഥാനത്തിന്റെ വികസനത്തിന് വേണ്ടിയായിരുന്നു. നിങ്ങൾ ഇവിടെ ചെയ്തത് എന്താണ്? ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ തയ്യാറാകേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയങ്ങൾ ജനങ്ങളുടെ മുമ്പിൽ തുറന്നുകാട്ടാനുള്ള അവസരമുണ്ടാകുമെന്ന് കരുതിയാണ് ഞങ്ങൾ ഇത് അവതരിപ്പിച്ചത്. കർണ്ണാടക

ഗവൺമെന്റും മറ്റ് സംസ്ഥാനങ്ങളും നികുതി കുറച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ പ്രതിഷേധിച്ചുകൊണ്ട് അധിക ഡ്യൂട്ടി കുറയ്ക്കാനുള്ള നടപടി കേരളത്തിന് സ്വീകരിക്കാമായിരുന്നു. പക്ഷേ നിങ്ങൾ അത് സ്വീകരിച്ചില്ല. ഓയിൽ കമ്പനികൾ കാണിക്കുന്ന കള്ളക്കളിയാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. ഡീസലിന്റെ 5 ശതമാനം എഥനോൾ ചേർക്കാറുണ്ട്. വളരെ വില കുറവുള്ള എഥനോളിന് ഇപ്പോൾ രഹസ്യമായി 10 ശതമാനം വില കൂട്ടിയിരിക്കുകയാണ്. ഡീസലിന്റെ വില കൂട്ടുന്നതിനുള്ള പെട്രോളിയം കമ്പനിയുടെ ഒത്തുകളി ഇതിൽ വളരെ വ്യക്തമാണ്.

നമ്മുടെ നാട്ടിൽ പ്രൈസ് കൺട്രോൾ ചെയ്യാനുള്ള അധികാരം സെൻട്രൽ ഗവൺമെന്റിനാകണമെന്നുള്ള കാര്യത്തിൽ കേരളത്തിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ലായിരുന്നു. രാജ്യത്തൊട്ടാകെയുള്ള സാഹചര്യങ്ങളും അന്തർദ്ദേശീയ മാർക്കറ്റിലുണ്ടാകുന്ന ഓയിൽ പ്രൈസിന്റെ ഫ്ലക്ച്വേഷൻ അനുസരിച്ചും കേന്ദ്രഗവൺമെന്റ് തീരുമാനമെടുത്തേയ്ക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് ഈ പ്രൈസ് ഫിക്സേഷൻ എടുത്തുകളഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ക്രൂഡ് ഓയിൽ ശുദ്ധീകരിച്ച് വരുമ്പോൾ പെട്രോളിനും ഡീസലിനും മണ്ണെണ്ണയ്ക്കും വിമാനം ഓടിക്കുന്ന ഏവിയേഷൻ ഫ്യുവലിനും

പാചകവാതകത്തിനും ഒരേ വിലയാണ് വരുന്നത്. എന്നാൽ സാധാരണക്കാരും ഇടത്തരക്കാരും ഉപയോഗിക്കുന്ന മണ്ണെണ്ണയ്ക്കും പാചക വാതകത്തിനും ക്രോസ് സബ്സിഡി കൊടുത്തുകൊണ്ട് കോൺഗ്രസ് ഗവൺമെന്റുകളാണ് ഇന്ത്യയിൽ തീരുമാനമെടുത്തിട്ടുള്ളതെന്നും ഇക്കാര്യത്തിൽ രണ്ട് ലക്ഷം കോടിയിലധികം രൂപ പൊതുമേഖല ഓയിൽ കമ്പനികൾക്ക് ബാദ്ധ്യത വന്നപ്പോൾ ആ ബാദ്ധ്യത എല്ലാ വർഷവും താങ്ങിനിർത്താൻ കേന്ദ്രസർക്കാരിന് കഴിയാതെവന്ന സാഹചര്യത്തിലുമാണ് ഈ സിസ്റ്റം മാറ്റേണ്ടിവന്നതെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാത്രമല്ല ഓരോ പ്രാവശ്യവും നരേന്ദ്ര മോദി ഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിക്കുമ്പോൾ അതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന ആൾ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവുമൂലം ഇവിടെ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് ഡോ. ടി. എം. തോമസ് ഐസക് ആണ്. സ്വകാര്യ പെട്രോളിയം കമ്പനികൾക്ക് ലാഭമുണ്ടാക്കാനുള്ള എളുപ്പവഴിയാണ് നരേന്ദ്ര മോദി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റിന്റെ ഈ

തെറ്റായ സമീപനം രാജ്യത്തുടനീളം സൃഷ്ടിച്ചിരിക്കുന്ന പ്രശ്നങ്ങൾ ചെറുതല്ല. പെട്രോളിയം ഉല്പന്നങ്ങളെന്ന് പറയുമ്പോൾ ഡീസലും പെട്രോളും മാത്രമല്ല കെറോസിനും അതുമായി ബന്ധപ്പെട്ട ധാരാളം ബൈ പ്രോഡക്ടുകളുമുണ്ട്. ഇതിന്റെയെല്ലാം വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ വില വർദ്ധനവിന്റെ ഫലമായി രാജ്യത്തെ കർഷകരുടെയും തൊഴിലാളികളുടെയും സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ദുരിതപൂർണ്ണമായ ജീവിതത്തെ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാദ്ധ്യമല്ല. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റ് 619.17 കോടി രൂപയാണ് നികുതിയിനത്തിൽ കുറച്ചത്. സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ആ നികുതി കുറച്ചുകൊണ്ട് ഒരു പ്രയോജനവുമുണ്ടായില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞാൽ അതിനെ അംഗീകരിക്കാൻ കഴിയുമോ? അധികമായി ലഭിച്ചിരിക്കുന്ന നികുതി വരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുകയല്ലേ ഈ ഗവൺമെന്റ് ചെയ്യേണ്ടത്. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനെ എല്ലാ കാര്യത്തിലും കുറ്റം പറയുന്നവരാണ് സംസ്ഥാനത്തെ ഭരണക്കാരെങ്കിലും ജനങ്ങളെ കൊള്ളയടിക്കുന്ന കാര്യത്തിൽ രണ്ടുപേരും ഒരുപോലെയാണെന്നാണ് ഇത് തെളിയിച്ചിരിക്കുന്നത്. അധികാരത്തിൽ എത്തിയാൽ പെട്രോളിന്റെ വില 40/- രൂപയാക്കുമെന്ന്

പ്രഖ്യാപിച്ചവരാണ് ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും. പക്ഷേ അവർ അധികാരത്തിലെത്തി നാല് വർഷമാകുന്നതിനുമുമ്പ് പെട്രോൾ വില ഇരട്ടിയാക്കി. സംസ്ഥാനത്ത് പെട്രോളിന്റെ വില ലിറ്ററിന് 77/- രൂപയും ഡീസലിന്റെ വില 70/- രൂപയും കടന്നിരിക്കുന്നു. ഇങ്ങനെ പോയാൽ ബി.ജെ.പി. സർക്കാർ കാലാവധി തികയ്ക്കുമ്പോൾ പെട്രോളിന് 100/- രൂപവരെ എത്തുമെന്നാണ് കാണാൻ കഴിയുന്നത്. നേരത്തെ പെട്രോളിന്റെ വിലയുടെ പകുതി മാത്രമായിരുന്നു ഡീസലിന്റെ വില. ഇപ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില ഏകദേശം ഒരുപോലെയായിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ അതിന്റെ കണക്കുകളിലേയ്ക്ക് കടക്കുന്നില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ, പെട്രോളിയം ഉല്പന്നങ്ങൾക്ക് ലോകത്തിൽവച്ച് ഏറ്റവും കൂടുതൽ വിലയുള്ള രാജ്യം ഇന്ത്യയായി മാറുന്നു. ബംഗ്ലാദേശിൽ 67/- രൂപയും ശ്രീലങ്കയിൽ 54/- രൂപയും പാകിസ്ഥാനിൽ 43/- രൂപയുമാണ് വില. പക്ഷേ നമ്മുടെ രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലകൾ തമ്മിലുള്ള അന്തരം ഇന്ന് ഇല്ലാതായിരിക്കുന്നു. രണ്ടിനും ഒരുപോലെ വില കയറുന്നു. ഇത് നമ്മുടെ സംസ്ഥാനത്തെയും രാജ്യത്തെയും വലിയ ബുദ്ധിമുട്ടിലാക്കുകയാണ്. ഇതിന്റെ കള്ളക്കളി എന്താണ്? കേന്ദ്ര ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുകയാണ്.

പെട്രോളിൽനിന്നും ഡീസലിൽനിന്നുമായി 2.90 ലക്ഷം കോടി രൂപയാണ് കേന്ദ്രത്തിന് നികുതിയായി ലഭിക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് ഡ്യൂട്ടി പത്തിരട്ടിയാണ് വർദ്ധിപ്പിച്ചത്. അത് എന്തിനുവേണ്ടിയാണ്? 2014-ൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ലിറ്റർ പെട്രോളിന് 9.48 രൂപയായിരുന്നു നികുതിയായി കേന്ദ്രത്തിന് കിട്ടിയിരുന്നതെങ്കിൽ ഇപ്പോൾ 19.48 രൂപയാണ് ലഭിക്കുന്നത്. 2014-ൽ ഡീസലിന് 3.56 രൂപയാണ് കിട്ടിയിരുന്നതെങ്കിൽ ഇപ്പോൾ 15.33 രൂപയാണ് കിട്ടുന്നത്. വൻ കൊള്ളയല്ലേ ഇതിൽ നടക്കുന്നത്. രാജ്യത്ത് ഇത്രയും വലിയ പകൽ കൊള്ള നടക്കുകയാണ്. ആ കൊള്ളയെ ന്യായീകരിക്കുന്ന നിലപാട് ഈ ഗവൺമെന്റ് എടുത്തതിൽ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഇത് ഒരിക്കലും പാടില്ലായിരുന്നു. നാല് വർഷത്തിനിടെ 12 തവണ പെട്രോളിന്റെ എക്സൈസ് തീരുവ വർദ്ധിപ്പിച്ചു. ഡീസലിന് 105.49 ശതമാനം എക്സൈസ് ഡ്യൂട്ടിയാണ് കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചത്. ഈ കൊള്ളമുതലിന്റെ ഒരു ഭാഗം സർക്കാരും പറ്റുകയാണ്. ഈ കൊള്ളമുതൽ വേണ്ടെന്നുവയ്ക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ളതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. ഡീസലിന്റെ വില വർദ്ധനവാണ്

ജനജീവിതത്തെ ഏറ്റവും കൂടുതലായി ബാധിക്കുന്നത്. ട്രാൻസ്പോർട്ട് ബസ്സുകളിലും സ്കൂട്ടറുകളിലും ഓട്ടോറിക്ഷയിലും യാത്ര ചെയ്യുന്ന സാധാരണക്കാരായ ആളുകളാണ് ഡീസൽ വില വർദ്ധനവിന്റെ ഏറ്റവും വലിയ ദുരിതം പേറേണ്ടിവരുന്നവർ. ആദ്യമായിട്ടാണ് കേരളത്തിൽ ഡീസലിന്റെ വില 70/- രൂപയാകുന്നത്. ഒരു വർഷം കൊണ്ട് ഡീസലിന് 10/- രൂപയാണ് കൂടിയത്. പെട്രോളിനാകട്ടെ 5 വർഷത്തെ ഏറ്റവും കൂടിയ വിലയാണ് ഇപ്പോഴുള്ളത്. 2011 നവംബർ 4-ന് ഡോ. ടി. എം. തോമസ് ഐസക് കൊണ്ടുവന്ന അടിയന്തരപ്രമേയത്തെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. ആ അടിയന്തരപ്രമേയം അവതരിപ്പിച്ച ആളാണോ ഇപ്പോൾ ഇതിനെയെല്ലാം ന്യായീകരിക്കുന്നതെന്നാണ് എന്റെ ചോദ്യം. അദ്ദേഹം പ്രതിപക്ഷത്തിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങളല്ല ഭരണപക്ഷത്തിരിക്കുമ്പോൾ പറയുന്നത്. സ്വാഭാവികമായും മന്ത്രിയെന്നുള്ള നിലയിൽ പരിമിതിയുണ്ടാകും. പക്ഷേ കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിനെ പിന്തുണയ്ക്കാൻ അങ്ങ് നടത്തിയ ശ്രമം ഞങ്ങൾക്ക് വളരെ ദുഃഖമുണ്ടാക്കിയിട്ടുണ്ട്. ഏതായാലും കേന്ദ്ര ഗവൺമെന്റും പെട്രോളിയം കമ്പനികളും സംസ്ഥാനത്തെ വലിയ തോതിൽ ചൂഷണം ചെയ്യുന്നു. ആ ചൂഷണത്തിൽനിന്ന് അല്പം ആശ്വാസം കാണാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണമായിരുന്നു. പെട്രോളിന്റെയും ഡീസലിന്റെയും അധിക നികുതി ഒരു

തവണയെങ്കിലും വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറായിരുന്നുവെങ്കിൽ കേരളത്തിലെ ജനങ്ങളുടെ ഭാരം എത്രമാത്രം കുറയുമായിരുന്നു. ലാഭക്കൊതിയുള്ള ഒരു കച്ചവടക്കാരന്റെ മനോഭാവം ധനകാര്യ വകുപ്പുമന്ത്രി കാണിക്കാൻ പാടില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് ഇത് ചർച്ച ചെയ്യാൻ പോലും തയ്യാറല്ല. ഞങ്ങൾ പണ്ട് ചർച്ചയ്ക്ക് തയ്യാറായിരുന്നു. ചർച്ചയ്ക്ക് തയ്യാറാകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, കേന്ദ്രം പാവപ്പെട്ട ജനങ്ങളുടെ വീട് കത്തിക്കുമ്പോൾ കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി അവിടെ വന്ന് വാഴ വെട്ടുകയാണ്. നമ്മൾ കേന്ദ്രനയത്തെ ശക്തമായി എതിർക്കുന്നു. അതേസമയം ആ കിട്ടുന്ന നികുതി മുഴുവൻ എക്സ്ചെക്കറിലേയ്ക്ക് വരുമ്പോൾ ഏറ്റവും കൂടുതൽ സന്തോഷിക്കുന്ന വ്യക്തി ധനകാര്യ വകുപ്പുമന്ത്രിയാണ്. കാരണം 2017-ൽ പെട്രോളിയം മിനിസ്ട്രി സ്റ്റേറ്റ് ഗവൺമെന്റിന് ഒരു കത്ത് എഴുതി. മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ് തുടങ്ങിയ സ്ഥലങ്ങൾ - 'they

have trim their taxes on Petrol and Diesel' എന്നാണ്. അതിന് നമ്മൾ കൊടുത്ത മറുപടി 'dropping 5% tax on Petrol and Diesel would cause a drain of Rs. 1,336 crore per year to the State revenue stream. After GST and the tax on liquor, the biggest contributor to State Exchequer is the tax on fuel.' എന്നുമാണ്. നമ്മുടെ എക്സ്ചെക്കറിന്റെ ഏക പ്രതീക്ഷ ഇന്ധനത്തിൽ ഉണ്ടാകുന്ന നേട്ടമാണെന്നുള്ളതുകൊണ്ട് മറ്റ് സ്റ്റേറ്റുകളിൽ 5% ശതമാനം നികുതി കുറച്ചതുകൊണ്ട് ഞങ്ങൾ കുറയ്ക്കാൻ പോകുന്നില്ലായെന്ന് 2017-ൽ കൊടുത്ത കത്തിൽ പറയുകയാണ്. മാത്രമല്ല, അന്ന് ഓരോ വർഷവും ലഭിച്ചുകൊണ്ടിരുന്ന അധിക വരുമാനത്തെക്കുറിച്ചും പറയുന്നുണ്ട്. ഓഗസ്റ്റിൽ 548 കോടി രൂപ, സെപ്റ്റംബറിൽ 623 കോടി രൂപ, ഒക്ടോബറിൽ 600 കോടി രൂപ എന്നിങ്ങനെയാണ്. Kerala Government imposes 24.52% and 31.8% fuel taxes on Diesel and Petrol respectively. ആ സമയത്തുതന്നെ എക്സ്ചെക്കറിന് കിട്ടുന്ന ഏറ്റവും വലിയ ഒരു മേന്മയാണ് ഫ്യൂവലിന്റെ വില കൂടുമ്പോൾ നമുക്ക് കിട്ടുന്ന ടാക്സ് എന്നുപറയുന്ന ഒരു മന്ത്രി. അദ്ദേഹം ഇതിന്റെ വില കൂടുന്നതിൽ സന്തോഷിക്കുന്നില്ലെന്ന് പറഞ്ഞാൽ ഞങ്ങൾ വിശ്വസിക്കില്ല. നിങ്ങൾ ഏക പ്രതീക്ഷയുമായി കാത്തിരിക്കുന്നത് ഈ വിലവർദ്ധനവ് ഓരോ ദിവസവും ഉണ്ടാകണമെന്നുള്ളതാണ്. അതിനനുസരിച്ച് 59-

60 തവണ എന്നൊന്നും പറയേണ്ട; മാസത്തിൽ 30 തവണ വർദ്ധിപ്പിക്കാനുള്ള തീരുമാനമാണ്. തിരുവനന്തപുരത്തുമാത്രം ഓരോ ദിവസത്തെയും വില മാർച്ച് 26-ന് 76.70 രൂപ, 27-ന് 76.81 രൂപ, 29-ന് 77/- രൂപ, 30-ന് 77.24 രൂപ, 31-ന് 77.49 രൂപ, ഏപ്രിൽ 1-ാം തീയതി 77.67 രൂപ, 2-ാം തീയതി 77.78 രൂപ, 3-ാം തീയതി 77.99 രൂപ എന്നിങ്ങനെയാണ്. അപ്പോൾ ഓരോ ദിവസവും ഇങ്ങനെ വില വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ എക്സ്ചെക്കറിന് ഇതിലൂടെ വന്നുകൊണ്ടിരിക്കുന്ന സൗകര്യത്തെക്കുറിച്ച് അദ്ദേഹം വളരെ വാചാലമായി പെട്രോളിയം വകുപ്പിന് കത്ത് എഴുതിയിട്ടുണ്ട്. ഇവിടെ എക്സ്ചെക്കറിന് ഇത്രയും പണം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, പാവപ്പെട്ടവന് ഡീസൽ റോഡിലൂടെ ഓടുന്ന കാറിന്റെ മാത്രം കാര്യമല്ല; ബോട്ടിൽ പോകുന്നവരും ഡീസൽ അടിച്ചാണ് പോകുന്നത്. ഇത് മത്സ്യബന്ധനത്തിന് പോകുന്നവരെപ്പോലും ബാധിക്കുന്ന ഒരു വിഷയമായി മാറിയിട്ടും എന്തുതന്നെയായാലും ഞങ്ങൾ ഇത് കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ലെന്ന് അങ്ങ് പറയുമ്പോൾ അതിന്റെ അർത്ഥം ഇതിന്റെ മുഴുവൻ സൗജന്യവും പറ്റുകയെന്നുള്ളതാണ്.

അങ്ങ് ഇവിടെ ആഗോളകാര്യങ്ങളൊക്കെ പറയുന്നുണ്ട്. മാർക്സിസം തന്നെ പറയുന്നത്, സയിന്റിഫിക് സോഷ്യലിസത്തിലേയ്ക്കും അവസാനം

സോഷ്യലിസത്തിലേയ്ക്കും എത്തണമെങ്കിൽ ക്യാപ്പിറ്റലിസത്തിലൂടെ കടന്നുപോയേ മതിയാകൂ എന്നാണ്. ആ മാർക്സിസ്റ്റ് സിദ്ധാന്തത്തിൽ, ഇപ്പോൾ ഞങ്ങളാണെങ്കിൽ അതാവുമായിരുന്നു എന്ന് അങ്ങ് പറയുന്നു. ഇപ്പോൾ നിങ്ങൾ ഗ്യാലറിയിലിരുന്ന് കളി കാണുന്നതുകൊണ്ട് എന്തും പറയാം. ലോകത്ത് നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾക്ക് വന്ന മാറ്റങ്ങൾ അനുസരിച്ച് സ്റ്റേറ്റിന് റിലാക്സ് ചെയ്തുകൊടുക്കാൻ ധാരാളം കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് സാധിക്കും. കഴിഞ്ഞ ഗവൺമെന്റ് അത് ചെയ്തിട്ടുണ്ട്. അങ്ങനെ ഞങ്ങൾ ഏകദേശം 600-ഓളം കോടി രൂപ വേണ്ടായെന്ന് വച്ചിട്ടുണ്ട്. എന്തുകൊണ്ട് ഈ ഗവൺമെന്റ് ആ കാര്യത്തിൽ വേണ്ട രീതിയിലുള്ള ശുഷ്കാന്തി കാണിക്കുന്നില്ല? ഇതിൽ ഒരു ചർച്ച ആവശ്യമാണെന്നുള്ള ഞങ്ങളുടെ ആവശ്യം പരിഗണിക്കാത്തതിന്റെ പേരിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, ഇവിടെ മാർക്സിസ്റ്റ് സിദ്ധാന്തത്തെപ്പറ്റി പറഞ്ഞു. മാർക്സിസ്റ്റ് സിദ്ധാന്തം തന്നെ വൈരുദ്ധ്യാത്മകമല്ലേ? അത്ഭുതത്തിന് എന്തെങ്കിലും വകയുണ്ടോ? ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞതിന്

വിപരീതമായി ഇന്ന് പ്രവർത്തിക്കുന്നുവെങ്കിൽ അത്ഭുതപ്പെടേണ്ട; വൈരുദ്ധ്യാത്മകമാണ്. ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെയല്ല കാര്യങ്ങൾ വന്നുനിൽക്കുന്നത്. അന്താരാഷ്ട്ര രംഗത്ത് ക്രൂഡോയിലിന്റെ വില കുറയുമ്പോൾ കേന്ദ്രഗവൺമെന്റ് വില കൂട്ടുകയാണ്. ഇത് വിലക്കയറ്റം രൂക്ഷമാകാനിടയാകും. ഇന്ധനവില വർദ്ധിപ്പിക്കുമ്പോൾ നമ്മുടെ വിലക്കയറ്റം അതിരൂക്ഷമാകും. ഈ സന്ദർഭത്തിൽ ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യണ്ടേ; ഇതല്ലേ ചർച്ച ചെയ്യേണ്ട വിഷയം? ഇത് ചർച്ച ചെയ്യാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. എന്ത് ഔചിത്യമാണിത്? നിങ്ങൾക്ക് ഔചിത്യ ബോധമുണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്തതിൽ വളരെയേറെ ദുഃഖമുണ്ട്. നികുതിഭാരം ജനങ്ങളെ വിഷമിപ്പിക്കുമ്പോൾ നിങ്ങൾ എന്തുചെയ്യുന്നു? ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നാല് പ്രാവശ്യം അധിക ഇന്ധനനികുതി വരുമാനം വേണ്ടെന്ന് വയ്ക്കുകയുണ്ടായി. നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ആ മാതൃകയിൽ ഇപ്പോൾ ലഭിക്കുന്ന അധിക ഇന്ധന നികുതി വരുമാനം വേണ്ടെന്ന് വയ്ക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണം. അതിന് തയ്യാറാകാത്ത ക്രൂരമായ ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും

വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവിടെ രാജ്യാന്തര വിപണിയിൽ ക്രൂഡോയിലിന്റെ വില കുറയുമ്പോഴും കേന്ദ്രസർക്കാർ പെട്രോളിയം ഉല്പന്നങ്ങളുടെ നികുതി വർദ്ധിപ്പിക്കുന്നതാണ് കാണാൻ കഴിയുന്നത്. ഇത് ജനങ്ങളെ സംബന്ധിച്ച് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു യാഥാർത്ഥ്യം തന്നെയാണ്. കേന്ദ്ര സർക്കാരിന്റെ അതേ പാതയിൽ തന്നെയാണ് സംസ്ഥാന ഗവൺമെന്റും നീങ്ങുന്നത്. ഇവിടെ ശ്രീ. കെ. എം. മാണി സൂചിപ്പിച്ചതുപോലെ, നാലുതവണ അധികനികുതി വേണ്ടായെന്ന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തുവെന്നുള്ളതിനെയും ബഹുമാനപ്പെട്ട മന്ത്രി നിസ്സാരവൽക്കരിച്ചുകൊണ്ടാണ് സംസാരിച്ചത്. അതിന്റെ ആനുകൂല്യങ്ങൾ സാധാരണക്കാരിലേക്ക് പാസ്സ് ഓവർ ചെയ്യാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുമുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അതുവഴി 619.17 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് ജനങ്ങൾക്ക് നൽകിയത്. ഗവൺമെന്റ് ഏതൊക്കെ രീതിയിൽ ഇക്കാര്യത്തിൽ ന്യായീകരിച്ചാലും പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റം സാധാരണക്കാരന്റെ ജീവിതവും കർഷകന്റെ ജീവിതവും

ദുഃസഹമാക്കിയിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ജനങ്ങളെ ഇന്ന് ഏറെ ബുദ്ധിമുട്ടിലാഴ്ത്തുന്നു. അതിനോടൊപ്പം സംസ്ഥാന സർക്കാർ ഈ ഒരു സമീപനം സ്വീകരിക്കുമ്പോൾ അത് 'കുനിന്മേൽ കുരു' പോലെ നിൽക്കുന്നു എന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... ശ്രദ്ധക്ഷണിക്കലും സബ്മിഷനും ആരംഭിക്കുകയാണ്. ഇന്നേ ദിവസം സബ്മിഷൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരുടേയും സമ്മർദ്ദംമൂലം 30 സബ്മിഷനുകളാണ് അനുവദിച്ചിരിക്കുന്നത്. അതുകൊണ്ട് ഒരു വാചകത്തിൽ സബ്മിഷൻ സബ്മിറ്റ് ചെയ്യുകയും ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്തുവച്ച് സഹകരിക്കുകയും ചെയ്യണം. വളരെ അത്യാവശ്യമായ കാര്യങ്ങളുണ്ടെങ്കിൽ ഒരു വാചകത്തിൽ മറുപടി പറഞ്ഞാൽ മതിയാകും. ഇന്ന് രണ്ട് ബില്ലുകൾ പരിഗണനയ്ക്ക്

എടുക്കേണ്ടതുണ്ട്. കൂടാതെ മൂന്ന് മണിക്ക്, സഭ പിരിഞ്ഞതിനുശേഷം നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരിക്കുന്ന 9 പ്രധാനപ്പെട്ട റഫറൻസ് ഗ്രന്ഥങ്ങളുടെ പ്രകാശനകർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നുണ്ട്. ഇതെല്ലാം ഓർമ്മയിൽ വച്ച് എല്ലാവരും സഹകരിക്കണം.